**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **13-07-2022 - ൽ മറുപടിയ്ക്ക്**

**മരാമത്ത് പണികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ മരാമത്ത് പണികൾ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് വിവിധ മരാമത്ത് പണികൾക്ക് നിശ്ചിത നിലവാരം പുലർത്തുന്നില്ല എന്ന് പൊതുവായ പരാതികൾ ലഭിച്ചിട്ടില്ല. പ്രവൃത്തികളിലെ പരാതികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് ഗുണനിലവാര പരിശോധനാ വിഭാഗം മുഖേന വിവിധ പരിശോധനകൾ നടത്താറുണ്ട്. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും $1^{st}$ tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ** |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലാബും, മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു |
| (ബി) | മരാമത്ത് പണികളുടെ ഗുണനിലവാര പരിശോധന കർശനമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സംസ്ഥാനത്ത് വിവിധ മരാമത്ത് പണികൾക്ക് നിശ്ചിത നിലവാരം പുലർത്തുന്നില്ല എന്ന് പൊതുവായ പരാതികൾ ലഭിച്ചിട്ടില്ല. പ്രവൃത്തികളിലെ പരാതികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് ഗുണനിലവാര പരിശോധനാ വിഭാഗം മുഖേന വിവിധ പരിശോധനകൾ നടത്താറുണ്ട്. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ കർശന മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും $1^{st}$ tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് ബിൽ നൽകുന്നത്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനയിൽ, പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുട കീഴിൽ റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലാബും, മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു |
| (സി) | ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | **നിശ്ചിത ഗുണനിലവാരം പുലർത്താൻ കഴിയാത്ത കരാറുകാർക്കെതിരെ കർശന നടപടികളാണ് സ്വീകരിക്കാറുള്ളത്. PWD Manual, SBD എന്നിവ പ്രകാരം പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കൽ, ലൈസൻസ് റദ്ദ് ചെയ്യൽ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ